# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.480 - 10/03/2015 - ലെ മറുപടിക്ക്**

## റവന്യൂ കമ്മി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനം റവന്യൂ കമ്മിയുണ്ടായിരുന്നു; 2013-14ന് അത് എത്രയായി വകയിരുത്തുകയുണ്ടായി; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (31.03.2011 ൽ) റവന്യൂ കമ്മി ആഭ്യന്തര വരുമാനത്തിന്റെ 15.53 % ആയിരുന്നു. 2013-14 ബജറ്റ് എസ്റ്റിമെറ്റ് അനുസരിച്ച് റവന്യൂ കമ്മി ആഭ്യന്തര വരുമാനത്തിന്റെ 5.20 % ആയിട്ടാണ് കണക്കാക്കിയിരുന്നത്. |
| (ബി) ധന ഉത്തരവാദിത്വ നിയമം അനുസരിച്ച് റവന്യൂ കമ്മി ഓരോ വർഷവും എത്രയായി കുറച്ച് കൊണ്ടു വന്ന് ഏത് വർഷം പൂജ്യം ശതമാനമാക്കി മാറ്റുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ; | 2011 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം റവന്യൂകമ്മി 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചു കൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്. |
| (സി) ഈ വർഷം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം റവന്യൂ കമ്മി എത്രയായിരുന്നു ; നടപ്പ് വർഷാവസാനം എത്രയായി ഉയരും ; വിശദമാക്കാമോ ? | നടപ്പുസാമ്പത്തിക വർഷം 31.12.2014 വരെ ലഭ്യമായ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം റവന്യൂ കമ്മി 8848.27 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടു കൂടി മാത്രമേ റവന്യൂ കമ്മി സംബന്ധിച്ച് യഥാർത്ഥ സ്ഥിതി വ്യക്തമാവുകയുള്ളൂ. |

*സെക്ഷൻ ഓഫീസർ*